കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല -കിടങ്ങൂർ ഗ്രാമപഞ്ചായത്ത് - 2011-2012 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7- തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം.466/2022/തസ്വഭവ. തിരുവനന്തപുരം, തീയതി.25/02/2022**

പരാമർശം:-1. സ.ഉ(എം.എസ്)183/07/തസ്വഭവ,തീയതി.24/07/2007.
2. 27/01/2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-36295/17 നമ്പർ കത്ത്.
3. 28/04/2018 ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ/2747/ പി.റ്റി1 /18 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം 97,500/-രൂപ(തൊണ്ണൂറ്റിഏഴയിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ചത് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ടി തുക ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തിൽ നടപ്പിലാക്കിയ വീടിന്റെ ഗുണമേന്മവർദ്ധനവ്(എസ്.സി.പി) പദ്ധതിയിൽ വീടിന്റെ പുനരുദ്ധാരണമാണ് വിഭാവനം ചെയ്തതെങ്കിലും സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മുറ്റംകെട്ട് എന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. മുറ്റംകെട്ട് പദ്ധതിയ്ക്ക് 13 ഗുണഭോക്താക്കൾക്ക് 7500/- രൂപ നിരക്കിൽ 97500/-രൂപ(തൊണ്ണൂറ്റിഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിക്കേണ്ടിവന്നു. ടി തുകയാണ് ഖണ്ഡിക 3.7 പ്രകാരം ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നതെന്നാണ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരമുള്ള കത്തിലൂടെ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മുറ്റംകെട്ടി ഭവനത്തിന്റെ ഉറപ്പ് വർദ്ധിപ്പിക്കുന്നതിനായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതികുടുംബക്കാർക്കാണ് ടി പദ്ധതി നടപ്പാക്കിയതെന്നും, പ്രസ്തുത പദ്ധതിയുടെ പ്രയോജനം തീർത്തും നിർധനരായ പട്ടികജാതികുടുംബക്കാർക്ക് ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

ഗ്രാമസഭയിലും വർക്കിംഗ് ഗ്രൂപ്പിലും ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിലാണ് കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തെ എസ്.സി.പി പദ്ധതിയിൽ ഭവനഗുണമേന്മ വർദ്ധനവ് എന്ന പേരിൽ മുറ്റംകെട്ടി ഭവനത്തിന്റെ ഉറപ്പ് വർദ്ധിപ്പിക്കുന്നതിനായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതികുടുംബക്കാർക്കായി ടി പദ്ധതി നടപ്പാക്കിയതെന്നും, പ്രസ്തുത പദ്ധതിയുടെ പ്രയോജനം തീർത്തും നിർധനരായ പട്ടികജാതികുടുംബക്കാർക്ക് ലഭിച്ചിട്ടുണ്ടെന്നുമുള്ള കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26-04-2016-ലെ IX (2)-ാം നമ്പർ തീരുമാനം, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 08/05/2017-ലെ 7-ാം നമ്പർ അനുകൂല തീരുമാനം എന്നിവ പരിഗണിച്ചും, സമാനരീതിയിലുള്ള അപാകതകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ മേൽ ഖണ്ഡികയിന്മേലുള്ള

ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം(3) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിച്ചത് നിർധനരായ പട്ടികജാതികുടുംബക്കാരുടെ വീടുകൾക്ക് മുറ്റം കെട്ടി സംരക്ഷണം ഉറപ്പാക്കൽ എന്ന ഉപകാരപ്രദവും അത്യന്താപേക്ഷിതവുമായ പ്രവൃത്തിയ്ക്കായിരുന്നുവെന്ന വസ്തുത കണക്കിലെടുത്തും, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്, പഞ്ചായത്ത് ഭരണസമിതി, ജില്ലാ തല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ, ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ച്, കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ - 2011-2012 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയ 97,500/- (തൊണ്ണൂറ്റിഏഴയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രജി രാജേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഓഡിറ്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, കിടങ്ങൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**